പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4739 — 21.10.2011-ൽ മറുപടിയ്ക്ക്

വൈദ്യുതി ക്ഷാമം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ :<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :<br>ശ്രീ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ. കെ. കെ. നാരായണൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വൈദ്യുതിക്ഷാമം കേന്ദ്രപൂളിൽ നിന്നുള്ള വൈദ്യുതി വെട്ടിക്കുറച്ചത് കൊണ്ടല്ലെന്ന കേന്ദ്ര ഊർജ്ജ സഹമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) പ്രസ്തുത പ്രസ്താവനയിന്മേലുള്ള സർക്കാർ നിലപാട് വ്യക്തമാക്കാമോ ; ഇപ്പോൾ വൈദ്യുതിക്ഷാമം ഉണ്ടാകാനും അതിനെ തുടർന്ന് പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഏർപ്പെടുത്താനുമിടയായ സാഹചര്യം വ്യക്തമാക്കാമോ ? | (ബി) ബാധകമല്ല. കാലവർഷം നിലച്ചതിനെതുടർന്ന് വൈദ്യുതിയുടെ ആവശ്യകത ക്രമാതീതമായി വർദ്ധിച്ചു. ജലവൈദ്യുത നിലയങ്ങളിൽ നിന്ന് പൂർണ്ണതോതിൽ ഉൽപ്പാദനം നടത്തിയാലും, കേന്ദ്രവിഹിതം പൂർണ്ണമായി ലഭിച്ചാലും ആവശ്യകത നിറവേറ്റാൻ കഴിയാത്ത സാഹചര്യം വന്നു. കായം കുളം, ബി. എസ്. ഇ. എസ്. തുടങ്ങിയ താപ നിലയങ്ങളിൽ നിന്ന്, താപ വൈദ്യുതിയുടെ അധികവില കാരണം വൈദ്യുതി വാങ്ങാൻ കഴിയാതെയും വന്നു.<br>27-09-2011 മുതൽ കേന്ദ്ര വിഹിതത്തിൽ ഗണ്യമായ കുറവ് വന്നു. കേന്ദ്ര നിലയങ്ങളായ നെയ്‌വേലി, താൽച്ചർ തുടങ്ങിയവയിൽ അറ്റകുറ്റപണികൾക്കായി ചില ജനറേറ്ററുകൾ നിർത്തിയതും, |

വിഹിതത്തിൽ കുറവ് വന്നത്.
ഉല്പാദനവും കേന്ദ്ര വിഹിതവും മറ്റു സ്രോതസ്സുകളിൽ നിന്നുള്ള ലഭ്യതയും എല്ലാം കൂടി കൂട്ടിയിട്ടും ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം ക്രമാതീതമായി ഉയരുകയും സിസ്റ്റം ഫ്രീക്വൻസി വളരെയേറെ താഴ്ന്നു പോകുകയും ചെയ്യതുമൂലവും പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിലാണ് ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ടി വന്നത്. എന്നാൽ പവർകട്ട് ഇതുവരെയും ഏർപ്പെടുത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ.